പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1767 — 04.10.2011-ൽ മറുപടിയ്ക്ക്

## കുമളി സബ് സ്റ്റേഷൻ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കുമളി സബ്സ്റ്റേഷനു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടി ഏതുഘട്ടം വരെ എത്തി എന്നു വ്യക്തമാക്കാമോ ; | (എ) കുമളി 33 കെ.വി സബ്സ്റ്റേഷനു വേണ്ടി കുമളി വില്ലേജിൽ, സർവ്വേ നമ്പർ 6/3ൽപ്പെട്ട 90 സെൻറ് സ്ഥലം ഉഭയകക്ഷി സമ്മത പ്രകാരം വില നിശ്ചയിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ സ്ഥല വില തീരുമാനിക്കുന്നതിനുവേണ്ടി കൂടിയ പർച്ചേസ് കമ്മിറ്റിയിൽ റവന്യൂ അധികാരികൾ തിട്ടപ്പെടുത്തിയ വിലയും ഭൂവുടമകൾ ആവശ്യപ്പെട്ട വിലയും തമ്മിൽ വളരെ അന്തരം വന്നതിനാൽ 1984 ലെ പൊന്നുംവില നിയമ പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ ആരംഭിച്ചിട്ടുണ്ട്. ഇതിനായുള്ള അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭൂമി, പൊന്നും വില ചട്ട പ്രകാരം ഏറ്റെടുക്കുന്നതിന് ബോർഡിൻെറ അനുമതിയും നൽകി. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവി ക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

| | |
|---|---|
| (ബി) ഭൂമി ലഭിച്ചു കഴിഞ്ഞാൽ എന്ന് സബ് സ്റ്റേഷന്റെ പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ? | (ബി) നിർമ്മാണം ആരംഭിച്ച് ഒരു വർഷത്തിനകം സബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.